LIBRARY ARCHIVES Kerala Legislative Assembly

ആറും ഏഴും നില - തിയേറ്റർ കോംപ്ലക്സ്, സർജിക്കൽ, ഗ്യാസ്ട്രോ എന്ററോളജി, സി.വി.ടി.എസ്, യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങളുടെ വാർഡുകൾ എന്നിവയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

എട്ടാം നില - സീനിയർ റസിഡൻസിന്റെ ഹോസ്റ്റൽ

(സി) ഗ്യാസ്ട്രോ എന്ററോളജി, സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി എന്നീ വിഭാഗങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീയേറ്റർ കോംപ്ലക്സിന്റെ പണി പൂർത്തിയാവുന്നതോടെ സി.വി.ടി.എസ്., യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങളും മാറ്റുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സൗകര്യങ്ങളുടെ അപര്യാപ്തത ബോധ്യപ്പെടുന്നപക്ഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ മെഡിക്കൽ കോളേജുകൾ

142 (807) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു; എം.ബി.ബി.എസ്.-നും എം.ഡി./എം.എസ്.-നും എത്ര സീറ്റുകൾ ലഭ്യമായിരുന്നു ; ഇപ്പോൾ എത്ര സീറ്റുകൾ ലഭ്യമാണ് ;

(സി) അടുത്ത രണ്ടുവർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചു. കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാസർഗോഡ്, വയനാട്, പുതിയ തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ മേഖലയിൽ 900 എം.ബി.ബി.എസ്. സീറ്റുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 1250 സീറ്റുകൾ ലഭ്യമാണ്. സർക്കാർ മേഖലയിൽ 400 പി.ജി.മെഡിക്കൽ ഡിഗ്രി സീറ്റുകളും 160 പി.ജി. ഡിപ്ലോമ സീറ്റുകളുമുണ്ടായിരുന്നു. ഇപ്പോൾ 525 പി.ജി. മെഡിക്കൽ ഡിഗ്രി സീറ്റുകളും 157 പി.ജി. ഡിപ്ലോമ സീറ്റുകളും ലഭ്യമാണ്.

(സി) എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുക എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നകാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോസയൻസസ്

143 (808) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നീറ്റീവ് ന്യൂറോസയൻസസ് (ഐക്കോൺസ്)-ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) 2007-ൽ ആരോഗ്യവകുപ്പ്മന്ത്രി തന്നെ ഇതിന്റെ ചെയർമാനായി വന്നതിനുശേഷം കൈവരിച്ച നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഐക്കോൺസ് (ICCONS)-ന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനും കൂടുതൽ പേർക്ക് ഇതിന്റെ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോസയൻസസ് (ഐക്കോൺസ്)-ന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഒരു വിലയിരുത്തൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തുകയും ഇവിടെനിന്നും നൽകിവരുന്ന സേവനങ്ങൾ കേന്ദ്രഗവൺമെന്റ് ഏജൻസിയായ എൻ.എ.ബി.എച്ച്. നിലവാരത്തിലുള്ളതാണെന്ന് സർട്ടിഫൈ ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly